# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

**ഇ-മെയിൽ: ddhglfalpy@gmail.com**

**ഫോൺ : 0477-2252753**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/ബി.പി-1117/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 01/11/2025
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (എയിംസ് മുഖേന)
2) ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, ആലപ്പുഴ
3) ഓഫീസ് പകർപ്പ്

നമ്പർ: കെ.എസ്.എ-എ.എൽ.പി/ബി.പി-1117/25 തീയ്യതി: 01/11/2025

## ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജീവ് ആർ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 22-08-2025 | 01-09-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-08-2025 | 01-09-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി മായ വി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)

ശ്രീമതി ജാകചലിൻ പി ഡബ്ല്യൂ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ലേഖ പി കെ, സിനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. വി ആർ രജിത | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി. ജീമോൾ ജി | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. റെജി ജി വി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2024 | 31-03-2025 |
| ശ്രീമതി. നിഷ എം ബി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീമതി. സോയ സദാനന്ദൻ | സി ഡി പി ഒ | 01-04-2024 | 31-03-2025 |
| ശ്രീമതി. ലിനി എം | പട്ടികജാതി വികസന ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ. സുബ്രഹ്മണ്യൻ കെ | ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2024 | 09-10-2024 |
| ശ്രീ. ജെയ്സൺ കെ ജോർജ്ജ് | ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ | 10-10-2024 | 19-12-2024 |
| ശ്രീമതി. ദിവ്യ ജി കൃഷ്ണൻ | ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ | 20-12-2024 | 31-03-2025 |
| ശ്രീമതി. ജിഷ ആന്റണി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-08-2024 |
| വേക്കന്റ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-09-2024 | 06-09-2024 |
| ശ്രീമതി. ജാൻസി എഫ് | അസിസ്റ്റന്റ് എഞ്ചിനീയർ | 07-09-2024 | 31-03-2025 |
| ഡോ. സേതുമാധവൻ കെ ആർ | മെഡിക്കൽ ഓഫീസർ, അങ്കുക്കുറ്റി സി എച്ച് സി | 01-04-2024 | 24-09-2024 |

| | | | |
|---|---|---|---|
| ഡോ. റൂബി ആർ | മെഡിക്കൽ ഓഫീസർ, അരുക്കുറ്റി സി എച്ച് സി | 25-09-2024 | 31-03-2025 |
| ഡോ. അമ്പിളി എ | മെഡിക്കൽ ഓഫീസർ, തൈക്കാട്ടുശ്ശേരി സി എച്ച് സി | 01-04-2024 | 31-03-2025 |
| ഡോ. അരുൺ തോമസ് | മെഡിക്കൽ ഓഫീസർ, പെരുമ്പളം എഫ് എച്ച് സി | 01-04-2024 | 08-05-2024 |
| ഡോ. ജോയ് എസ് | മെഡിക്കൽ ഓഫീസർ, പെരുമ്പളം എഫ് എച്ച് സി | 09-05-2024 | 29-08-2024 |
| ഡോ.സേതുമാധവൻ കെ ആർ | മെഡിക്കൽ ഓഫീസർ, പെരുമ്പളം എഫ് എച്ച് സി | 30-08-2024 | 31-03-2025 |
| ഡോ. ഡാൽമിറ്റ നിയ ജയിംസ് | മെഡിക്കൽ ഓഫീസർ, പള്ളിപ്പുറം എഫ് എച്ച് സി | 01-04-2024 | 30-04-2024 |
| ഡോ. അജിത് പ്രശാന്ത് പി | മെഡിക്കൽ ഓഫീസർ, പള്ളിപ്പുറം എഫ് എച്ച് സി | 01-05-2024 | 31-03-2025 |
| ശ്രീമതി. സിനിമോൾ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സി എഫ് സി ഗ്രാന്റ് നീക്കിയിരുപ്പ് തുക വാർഷികകണക്ക് ഷെഡ്യൂൾ 40(B)യുമായി പൊരുത്തപ്പെടുന്നില്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | സി എഫ് സി ഫണ്ട് ബി 4,ബി 17 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | സ്റ്റെയിൽ ചെക്കുകളുടെ വിശദാംശം ഹാജരാക്കിയില്ല | 1-1-3 |
| 5 | ക്രമീകരിക്കാൻ ബാക്കി നിൽക്കുന്ന നിക്ഷേപ പ്രവൃത്തികൾ | 1-1-4 |
| 6 | ബി-4 ഷെഡ്യൂളിൽ ഉൾപ്പെട്ട വിവിധ ഫണ്ടുകളുടെ നീക്കിയിരുപ്പ് നിർജ്ജീവമായി തുടരുന്നു | 1-1-5 |
| 7 | അക്കൌണ്ടുകൾ ട്രാൻസാക്ഷൻ ഇല്ലാതെ തുടരുന്നു | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം (റെസീറ്റ് ആൻഡ് പേയ്മെന്റ് അക്കൌണ്ട് പ്രകാരം) | 1-3 |
| 10 | ഗ്രാന്റ് വിനിയോഗം (വാർഷിക കണക്കുകൾ പ്രകാരം) | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതികൾ | 1-7 |
| 14 | ക്യാഷ് പരിശോധന സാക്ഷ്യപത്രം | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | സ്കൂളുകൾക്കും അംഗനവാടികൾക്കും വാട്ടർ പ്യൂരിഫയർ വാങ്ങൽ - അപാകതകൾ | 1-10 |
| 17 | ജെം ൽ നിന്ന് എസി വാങ്ങൽ അപാകതകൾ | 1-11 |
| 18 | മരുന്നുകൾ ലഭ്യമായില്ല | 1-12 |
| 19 | ക്ഷീരവികസന ഓഫീസർ നടപ്പിലാക്കിയ പ്രോജക്ടിലെ ന്യൂനതകൾ | 1-13 |
| 20 | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ പദ്ധതി- വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല | 1-14 |
| 21 | പള്ളിപ്പുറം എഫ് എച്ച് സി ഉപകരണങ്ങൾ വാങ്ങൽ ആദായനികുതി ഈടാക്കിയില്ല | 1-15 |
| 22 | കംപ്യൂട്ടർ,അനുബന്ധ ഉപകരണങ്ങൾക്ക് എഎംസി - ആദായനികുതി ഈടാക്കിയില്ല | 1-16 |
| 23 | ചെലവ് രേഖകൾ ഹാജരാക്കിയില്ല | 1-17 |

| | | |
|---|---|---|
| 24 | പാണാവള്ളി ആറാവേലി പാടശേഖരത്തിന് മോട്ടോർ പ്രവർത്തനക്ഷമമായില്ല | 1-18 |
| 25 | കാലി വീപ്പയുടെ വില സെക്രട്ടറിയുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. | 1-19 |
| 26 | പി എം എ വൈ - അഡ്വാൻസ് തുക കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം ആരംഭിച്ചില്ല | 1-20 |
| 27 | കേരളോൽസവം - നിർവ്വഹണത്തിലെ അപാകതകൾ | 1-21 |
| 28 | ഹെൽത്ത് ഗ്രാന്റ് അവലോകനം | 1-22 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ്പ് | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | വായ്പ/വായ്പ തിരിച്ചടവ് | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിലെ വിവരം | 4-8 |
| 9 | ചാർജ്ജ്, സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1-1 സി എഫ് സി ഗ്രാന്റ് നീക്കിയിരുപ്പ് തുക വാർഷികകണക്ക് ഷെഡ്യൂൾ 40(B)യുമായി പൊരുത്തപ്പെടുന്നില്ല

സി എഫ് സി ഗ്രാന്റിന്റെ വരവ് ചെലവ് കണക്കുകൾ പരിശോധിച്ചതിൽ യഥാർത്ഥത്തിൽ വരേണ്ട നീക്കിയിരുപ്പ് തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| മുൻവർഷ വാർഷിക കണക്ക് പ്രകാരം നീക്കിയിരുപ്പ് | വരവ് | ആകെ | തൻവർഷ ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| 3843102 | 9594437 (പലിശ ഉൾപ്പെടെ) | 13437539 | 5882359 | 7555180 |

എന്നാൽ വാർഷിക കണക്ക് റസീപ്റ്റ് ആന്റ് പേയ്മെന്റ് ഷെഡ്യൂൾ 40(b) പ്രകാരമുള്ള നീക്കിയിരുപ്പ് 7688180/- രൂപയാണ്. നീക്കിയിരുപ്പ് തുകയിലെ വ്യത്യാസം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/27.08.2025) മറുപടി ലഭ്യമാക്കിയില്ല. ബാങ്ക് ബുക്ക് പ്രകാരമുള്ള പ്രതിമാസ നീക്കിയിരുപ്പ് ബാങ്ക് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I)1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 24.6.25-ലെ 2(1) നം കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 04-07-25 -ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2025 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II)കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ്

മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III)എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

<u>വിശേഷണങ്ങളോടു കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## <u>1-1-2 സി എഫ് സി ഫണ്ട് ബി 4,ബി 17 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല</u>

ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം സി എഫ് സി ഫണ്ടിന്റെ നീക്കിയിരുപ്പ് 7555180 രൂപയാണ്. എന്നാൽ B17 ഷെഡ്യൂൾ പ്രകാരം ഇതേ ഫണ്ടിന്റെ നീക്കിയിരുപ്പ് 7688180 രൂപയാണ്. ബാലൻസ് ഷീറ്റിലെ ബി4 ഷെഡ്യൂളിലെ നീക്കിയിരുപ്പ് തുക സി എഫ് സി ഗ്രാന്റിന്റെ ബാങ്ക്/ട്രഷറി അക്കൗണ്ടുകളിൽ നീക്കിയിരുപ്പ് തുകയുമായി പൊരുത്തപ്പെടേണ്ടതാണ്. ഇപ്രകാരം നീക്കിയിരുപ്പ് തുകയിൽ വ്യത്യാസം വരുന്നുണ്ടെങ്കിൽ തുക വക മാറ്റി ചെലവഴിച്ചിട്ടുണ്ടാകാനുള്ള സാധ്യത ഉണ്ട്. എന്നാൽ ഈ വിഷയത്തിന്

നൽകിയ എൻക്വയറിക്ക് (5/27.8.25) മറുപടി ലഭ്യമാക്കിയില്ല.

**1-1-3 സ്റ്റെയിൽ ചെക്കുകളുടെ വിശദാംശം ഹാജരാക്കിയില്ല**

ബാലൻസ് ഷീറ്റ് ബി9 ഷെഡ്യൂളിൽ Liability In Respect Of Stale Cheque ഹെഡ്ഡിൽ 88368/- രൂപ ബാധ്യതയായി അവശേഷിക്കുന്നുണ്ട്. എന്നാൽ ലെഡ്ജറിൽ രേഖപ്പെടുത്തലുകൾ ഒന്നും തന്നെയില്ല. കൂടാതെ ഇതിന്റെ അക്കൌണ്ടും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 88368/-രൂപ ബ്ലോക്ക് പഞ്ചായത്ത് അക്കൌണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-1-4 ക്രമീകരിക്കാൻ ബാക്കി നിൽക്കുന്ന നിക്ഷേപ പ്രവൃത്തികൾ**

വാട്ടർ അതോറിറ്റിക്ക് മുൻവർഷങ്ങളിലുൾപ്പെടെ ഡെപ്പോസിറ്റ് ചെയ്ത 1472474/- രൂപ ബാലൻസ് ഷീറ്റ് B18 ഷെഡ്യൂളിൽ ബാധ്യതയായി അവശേഷിക്കുന്നുണ്ട്. ഡിപ്പോസിറ്റ് പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായ പ്രവൃത്തികൾ ബാലൻസ് ഷീറ്റിൽ നിന്നും ഒഴിവാക്കാവുന്നതാണ്.

**1-1-5 ബി-4 ഷെഡ്യൂളിൽ ഉൾപ്പെട്ട വിവിധ ഫണ്ടുകളുടെ നീക്കിയിരുപ്പ് നിർജ്ജീവമായി തുടരുന്നു**

ബി-4 ഷെഡ്യൂളിൽ ഉൾപ്പെട്ട വിവിധ ഫണ്ടുകളുടെ അക്കൌണ്ടുകളിൽ 31.3.2025 ൽ ഗണ്യമായ തുക നീക്കിയിരുപ്പുണ്ട്. വർഷങ്ങളായി നിലനിൽക്കുന്ന ടി തുകകൾ അവയ്ക്ക് അനുവദിക്കപ്പെട്ട ഉദ്ദേശ്യങ്ങൾക്കു വേണ്ടി വിനിയോഗിക്കുകയോ, പദ്ധതി പൂർത്തിയാക്കുകയോ നാളിതുവരെ തിരിച്ചടയ്ക്കുകയോ ചെയ്തിട്ടില്ലാത്തതാണ്. വിശദാശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | അക്കൗണ്ട് ഹെഡ് | നീക്കിയിരുപ്പുള്ള തുക |
|---|---|---|
| ടോട്ടൽ സാനിട്ടേഷൻ | 320300103 | 946616 |
| വില്ലേജ് പഞ്ചായത്ത് വിഹിതം | 320700203 | 81303 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 320700205 | 375828 |
| ഐസിഡിഎസ് സെൻട്രൽ ഷെയർ | 320100121 | 687824 |

അതാതിനങ്ങളിലെ ബാദ്ധ്യത ക്രമീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-1-6 അക്കൌണ്ടുകൾ ട്രാൻസാക്ഷൻ ഇല്ലാതെ തുടരുന്നു**

റസീപ്റ്റ് ആന്റ് പേയ്മെന്റ് ഷെഡ്യൂൾ 40(ബി) പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന രണ്ട് അക്കൌണ്ടുകൾ യാതൊരു ട്രാൻസാക്ഷനും ഇല്ലാതെ കാണുന്നു. അക്കൌണ്ടിൽ അവശേഷിക്കുന്ന തുക സർക്കാർ അനുവാദത്തോടെ മറ്റേതെങ്കിലും പദ്ധതിക്ക് വിനിയോഗിക്കാവുന്നതും അക്കൌണ്ടുകൾ ക്ലോസ് ചെയ്യേണ്ടതുമാണ്.

| അക്കൌണ്ട് നം. | തുക |
|---|---|

| | |
|---|---|
| SBT Block Plan A/C No. 57053646449 | 2305875 |
| PNB Life Mission Scheme 717900010000100029206 | 366009 |

## 1-2 ബജറ്റ്

2024-25 വർഷത്തെ ബജറ്റ് 13.02.2024 - ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 27.03.2025-ലെ 1(1) നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 516304547 | 515511080 |
| വാർഷിക കണക്ക് പ്രകാരം | 57211214 | 58200548 |

## 1-3 സാമ്പത്തിക വിശകലനം (റെസീറ്റ് ആൻഡ് പേയ്മെന്റ് അക്കൌണ്ട് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 10546997 |
| വരവ് | 74129203 |
| ആകെ | 84676200 |
| ചെലവ് | 68486650 |
| നീക്കിയിരിപ്പ് | 16189550 |

## 1-4 ഗ്രാന്റ് വിനിയോഗം (വാർഷിക കണക്കുകൾ പ്രകാരം)

| ഫണ്ടിനം | | മുൻബാക്കി | വരവ് | ആകെ | ചെലവ് (I-6+Capital Contribution) | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | | 0 | 17369000 | 17369000 | 17223631 | 145369 |
| വികസനഫണ്ട് (എസ്.സി.പി) | | 0 | 9642000 | 9642000 | 6520651 | 3121349 |
| വികസനഫണ്ട് (ടി.എസ്.പി) | | 0 | 150000 | 150000 | 150000 | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | | 0 | 24976000 | | 19197855 | 5778145 |
| 13-ാം ധനകാര്യ | ടൈഡ് (ബാങ്ക്) | 2228324 | 6462000 | 8690324 | 3320961 | 5369363 |

| | | | | | | |
|---|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് | അൺ ടൈഡ് (ബാങ്ക്) | 1614778 | 2926292+ 206145(int) | 4747215 | 2561398 | 2185817 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 152 | 112054638 | 81 | 55200834 | 33 | 38 | 53.28% |

## 1-6 തൊഴിലുറപ്പ് പദ്ധതി

വാർഷിക കണക്കിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവുകൾ ഉൾപ്പെട്ടിട്ടില്ല.

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് പരിശോധന സാക്ഷ്യപത്രം

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.08.2025-ന് 2.30 Pm-ന് ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. അന്നേ ദിവസം ബ്ലോക്ക് പഞ്ചായത്ത് ക്യാഷ് സ്വീകരിച്ചിട്ടില്ലായെന്ന് ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ ചേർക്കുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. വാടക രജിസ്റ്ററിൽ ഡി സി ബി എഴുതി തയ്യാറാക്കിയിട്ടില്ല.
2. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല.
3. എഫ് എച്ച് സി പെരുമ്പളം ഹാജരാക്കിയ ഫയലുകളിൽ ഓരോ പ്രോജക്ടുകളുടേയും അനുബന്ധ രേഖകൾ കൃത്യമായി സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.
4. കൃഷി അസിസ്റ്റന്റ് ഡയറക്ടർ സ്റ്റോക്ക് രജിസ്റ്ററിൽ എല്ലാ വാങ്ങലുകളുടെയും വിവരങ്ങൾ ചേർത്തിട്ടില്ല.

മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 സ്കൂളുകൾക്കും അംഗനവാടികൾക്കും വാട്ടർ പ്യൂരിഫയർ വാങ്ങൽ - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം, പേര് | സ്കൂളുകൾക്കും അങ്കണവാടികൾക്കും വാട്ടർ പ്യൂരിഫയർ വാങ്ങൽ (S0139/25) |
| അടങ്കൽ | 1400000(സിഎഫ് സി ഗ്രാന്റ്) |
| ചെലവ് | 1393000/- |
| ചെലവ് വിവരം | 239662/- ( XVFC/24-25/p/20/28.3.25)<br>240728/- ( XVFC/24-25/p/21/28.3.25)<br>252000/- (XVFC/24-25/p/22/28.3.25)<br>252000/- (XVFC/24-25/p/23/28.3.25)<br>252000/- (XVFC/24-25/p/24/28.3.25)<br>---------<br>12,36,390/- |

കുട്ടികളുടെ കുടിവെള്ളം, ശുചിത്വം എന്നീ മേഖലകൾക്ക് മുൻഗണന നൽകി എല്ലാ സ്കൂൾ കുട്ടികൾക്കും ശുദ്ധ ജലം ലഭ്യമാകുന്ന എന്ന് ഉറപ്പിക്കുന്നതിനാണ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി സ്കൂളുകളിലും അങ്കണവാടികളിലും വാട്ടർ പ്യൂരിഫയർ സ്ഥാപിക്കുക എന്ന പദ്ധതി നടപ്പാക്കിയത്. പ്രസ്തുത പദ്ധതിക്ക് സുലേഖ പത്രിക പ്രകാരവും, കെ എം ടെക്നോളജസിന്റെ ഇൻവോയ്സ് പ്രകാരവും 1393000/- രൂപയാണ് ചെലവ്. കെ എം ടെക്നോളജസിൽ നിന്നും ജെം മുഖേന 38 അങ്കണവാടികളിലേക്കും 14 സ്കൂളുകളിലേക്കും വാട്ടർ പ്യൂരിഫയർ വാങ്ങുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി പ്രകാരം വാട്ടർ പ്യൂരിഫയറുകൾ വാങ്ങിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഐറ്റം | എണ്ണം | ഇൻവോയ്സ് നം | തുക | ജി എസ് ടി | ആകെ |
|---|---|---|---|---|---|
| Water Purifier AG Hot N Cold RO = UV | 14 | KMR/24-25 /3133/24.3.25 | 616949 | 111050.86 | 728000 |
| Water Purifier Aquaguard Sure Champ RO +UV | 38 | KMR/24-25 /3134/24.3.25 | 563559 | 101440.68 | 665000 |
| | ആകെ | | 1180508 | 212491.54 | 1393000 |

ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള സ്കൂളുകളിലും അങ്കണവാടികളിലുമാണ് വാട്ടർ പ്യൂരിഫയർ സ്ഥാപിക്കുന്നതിന് പദ്ധതി ആസൂത്രണം ചെയ്തത്. ഫയലുകൾ പരിശോധിച്ചതിൽ എല്ലാ സ്കൂളുകളിലും ഉപകരണം സ്ഥാപിച്ചതായി അധികൃതർ റിപ്പോർട്ട് ചെയ്തിട്ടില്ല. സ്കൂളിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചതിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(4/27.8.25) ലഭ്യമാക്കിയ മറുപടിയിൽ NIUPS അത്രക്കുറ്റി, എൻ എസ് എസ് തൃച്ചാറ്റുക്കുളം എന്നീ സ്കൂളുകളിൽ ജപ്പാൻ കുടിവെള്ള കണക്ഷൻ ലഭ്യമാകാത്തതിനാലും, വാട്ടർ പ്യൂരിഫയറുകൾ സുരക്ഷിതമായി വെക്കാനുള്ള ക്യാബിൻ തയ്യാറാക്കാത്തതിനാലും പ്യൂരിഫയറുകൾ സ്ഥാപിച്ചിട്ടില്ല എന്ന് അറിയിച്ചു. പ്രസ്തുത സ്കൂളുകളിൽ വാട്ടർ പ്യൂരിഫയറുകൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കി മറുപടി ലഭ്യമാക്കുന്നതുവരെ 104000/- (52000*2)രൂപയുടെ

ചെലവ് തടസ്സപ്പെടുത്തുന്നു. സുലേഖ പത്രിക പ്രകാരവും, കെ എം ടെക്നോളജീസിന്റെ ഇൻവോയ്സ് പ്രകാരവും 1393000/- രൂപയാണ് പ്രസ്തുത പദ്ധതിയുടെ ചെലവെങ്കിലും വൌച്ചർ പ്രകാരം 1236390 രൂപയാണ് സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. സ്ഥാപനത്തിന് തുക പൂർണ്ണമായും നൽകാത്തതിനും, സുലേഖ പത്രികയിലെ ചെലവ് വ്യത്യാസത്തിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അതോടൊപ്പം സ്ഥാപനത്തിന് നൽകാൻ അവശേഷിക്കുന്ന തുകയിൽ നിന്നും ജിഎസ്ടിയും ആദായനികുതിയും ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്ക് വരുത്തി മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-11 ജെം ൽ നിന്ന് എസി വാങ്ങൽ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം, പേര് | പള്ളിപ്പുറം എഫ് എച്ച് സി പുതിയ ഒ.പി ബിൽഡിംഗിന് ഇലക്ട്രിക്ക് വയറിംഗും ഇലക്ട്രിക്ക് ഉപകരണങ്ങൾ വാങ്ങലും A.M.C (S0162/25) |
| അടങ്കൽ | 550000 (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) |
| ആകെ ചെലവ് | 549110 |
| ചെലവിനാധാരമായ ബിൽ വിവരം | 95600/- (240607630120011192467/18.01.25) |

എഫ്എച്ച് സി പള്ളിപ്പുറം ഫാർമസിയിൽ സ്ഥാപിക്കുന്നതിനായി രണ്ട് എ. സി മേൽ ബിൽ പ്രകാരം ജെം മുഖേന വാങ്ങിയിട്ടുണ്ട്. രണ്ട് എസി ക്ക് 95600 രൂപ ജയന്ത് എന്റർപ്രൈസസ് എന്ന വിതരണ ഏജൻസിക്ക് നൽകിയിട്ടുണ്ട്. ഹാവെൽസ് കമ്പനിയുടെ 1.5 ടൺ എസിയാണ് ഓർഡർ ചെയ്തത്. ജയന്ത് എന്ന വിതരണ ഏജൻസിയുടെ ബിൽ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ ഏജൻസിയുടെ ബാങ്ക് അക്കൌണ്ടിൽ 95600 രൂപ ഒടുക്കിയിരുന്നു. എന്നാൽ എസി യൊടൊപ്പം ലഭിച്ച ഹാവെൽസ് കമ്പനിയുടെ ഇൻവോയ്സിൽ 61060/- രൂപയാണ് രണ്ട് എസിയുടെ വിലയായി രേഖപ്പെടുത്തിയത്.

ജെം ൽ നിന്ന് ലഭ്യമായ വിതരണ ഏജൻസിയുടെയും, എസി യോടൊപ്പം ലഭ്യമായ ഇൻവോയ്സിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ജെം ൽ നിന്നും ലഭ്യമായ ഇൻവോയ്സ് പ്രകാരം | | | ഹാവൽസ് കമ്പനിയുടെ ഇൻവോയ്സ് പ്രകാരം | | |
|---|---|---|---|---|---|
| ഇൻവോയ്സ് നം | ഐറ്റം | തുക | ഇൻവോയ്സ് നം | ഐറ്റം | തുക |
| GEM 52215422 /1.1.25 | Lloyd Cooling And Heating 1.5 Ton 3 Star (Iseer Value From 2.8 To 4.39 Inverter AC- Variable | 95600 (37343.75 Per One) | 5997825147 /9.1.25 | New Bee 1.5 Tone Inv Sac 3ss Gls 1813 3kkosec | 61060 (23827.63 Per One) |

| | | | | | |
|---|---|---|---|---|---|
| | Speed Wall Mount Split AC | | | | |

ജെം ൽ ഓർഡർ ചെയ്യതും ലഭ്യമായതും തമ്മിൽ വിലയിൽ വ്യത്യാസം കാണുന്നു. ഓർഡർ ചെയ്ത സ്പെസിഫിക്കേഷനിലുള്ള എസി തന്നെയാണോ ലഭ്യമായതെന്ന് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതിന്റെയും വിലയിൽ ഇപ്രകാരം വ്യത്യാസം വരാനുമുണ്ടായ കാരണങ്ങൾ ഉന്നയിച്ച് നൽകിയ എൻക്വയറിക്ക്(15/1.9.25) മറുപടി ലഭ്യമാക്കിയില്ല. ജെം ൽ നിന്നും സാധനങ്ങൾ വാങ്ങുമ്പോൾ ഉൽപ്പന്നം ലഭ്യമായി പത്ത് ദിവസത്തിനകം ഗുണനിലവാരവും എണ്ണവും വാങ്ങൽ അധികാരി ഉറപ്പിക്കേണ്ടതാണ്. തുടർന്നുള്ള വർഷങ്ങളിൽ ഇപ്രകാരമുള്ള പർച്ചേസുകൾ നടപ്പാക്കുമ്പോൾ ജെം ൽ നിന്നും ഉൽപ്പന്നങ്ങൾ വാങ്ങുമ്പോഴുള്ള നിബന്ധനകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 മരുന്നുകൾ ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നം, പേര് | തൈക്കാട്ടുശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, മരുന്ന് വാങ്ങൽ, S0044/25 |
| അടങ്കൽ | 1000000 (മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം) |
| ആകെ ചെലവ് | 1000000 |
| ചെലവിനാധാരമായ ബിൽ | 448276 - (240607630119006308l9/6.9.24) |

മെഡിക്കൽ ഓഫീസർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ നിർവ്വഹണം ചെയ്ത മരുന്നുവാങ്ങൽ പദ്ധതിക്കായി കാരുണ്യ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 448276/- രൂപ മേൽ ബിൽ പ്രകാരം നൽകിയിട്ടുണ്ട്. ചുവടെ ചേർക്കുന്ന ഇൻവോയ്സ് പ്രകാരം 195408/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. അവശേഷിക്കുന്ന 252868/- രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിൽ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (12/29.8.25) മറുപടി ലഭ്യമാക്കിയില്ല.

| ഇൻവോയ്സ് നം | തുക |
|---|---|
| 50613/10.10.24 | 4648 |
| 51416/18.10.24 | 28892 |
| 52216/29.10.24 | 45192 |
| 59522/26.2.25 | 6832 |
| 60216/4.3.25 | 4368 |
| 60605/7.3.25 | 25266 |
| 505/9.4.25 | 34553 |
| 1606/28.4.25 | 3304 |
| 2069/2.5.25 | 2831 |
| 2786/12.5.25 | 10640 |
| 4086/6.6.25 | 2363 |

| | |
|---|---|
| 6373/4.7.25 | 4032 |
| 7186/16.7.25 | 9271 |
| 7229/17.7.25 | 13216 |
| ആകെ | 195408 |

മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിൽ ചേർത്ത് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-13 ക്ഷീരവികസന ഓഫീസർ നടപ്പിലാക്കിയ പ്രോജക്ടിലെ ന്യൂനതകൾ

പ്രോജക്ട് നം/പേര് – S0169/25, പശു വളർത്തൽ വനിത

അടങ്കൽ-1500000/-(വികസനഫണ്ട് ജനറൽ)

മറ്റുള്ളവ-500000/-

ചെലവ് -1500000/-(വികസനഫണ്ട് ജനറൽ) BRN 240607630123016433214/22.03.2025

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ (പ്രാദേശിക വികസനം, വനിത ഘടക പദ്ധതി) പ്രോജക്ടിൽ ഉൾപ്പെടുത്തി 4 വനിത ക്ഷീരകർഷക ഗ്രൂപ്പുകൾക്ക് പശുവളർത്തലിനായി ബാങ്കിൽ നിന്നും 5 ലക്ഷം രൂപ അനുവദിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയതു പ്രകാരം 75% ആയ 375000/- രൂപ വീതം ബാങ്ക് അക്കൌണ്ടിലേക്ക് നല്കിയിരിക്കുന്നു. പശുക്കളുടെ എണ്ണവും ആകെ ചെലവഴിക്കുന്ന തുകയും കണക്കിലെടുത്ത് പരമാവധി 375000/- രൂപ വരെ അനുവദിക്കാം എന്നതാണ് പ്രോജക്ട്.

വനിത ക്ഷീരകർഷക ഗ്രൂപ്പിനു പശുവളർത്തൽ എന്ന പദ്ധതിയിലേക്ക് ഗുണഭോക്തൃ ഗ്രൂപ്പുകൾ ഒന്നും തന്നെ ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിൽ ഇല്ലാത്തതിനാൽ പദ്ധതിക്ക് അർഹതയുള്ള ഗ്രൂപ്പുകളെ അംഗീകരിച്ച് നൽകണമെന്നുള്ള ക്ഷീരവികസന ഓഫീസറുടെ 18.02.2025 അപേക്ഷയുടെ അടിസ്ഥാനത്തിൽ 7.3.2025ലെ 2(3) നമ്പർ കമ്മറ്റി തീരുമാന പ്രകാരമാണ് ഗ്രൂപ്പുകളെ അംഗീകരിച്ചിട്ടുള്ളത്. ഇതിന് പിന്നീട് ഗ്രാമസഭയിൽ നിന്നും അംഗീകാരം വാങ്ങിയതിന്റെ രേഖകൾ ഓഡിറ്റ് എൻക്വയറി (11/27.08.2025) നല്കിയതു പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.

ക്ഷീരസാഗര എന്ന ഗ്രൂപ്പ് കർണ്ണാടകയിലെ ചിന്താമണി കാലിച്ചന്തയിൽ നിന്നും പശുക്കളെ വാങ്ങി എന്നതിന്റെ തെളിവായി വിലച്ചീട്ടുകളാണ് ലഭ്യമാക്കിയിട്ടുള്ളത്. പശുക്കളെ വാഹനത്തിൽ കൊണ്ടുവന്നിട്ടുള്ളതിന്റെ തെളിവായി മൃഗങ്ങളെ വാഹനത്തിൽ കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട സർട്ടിഫിക്കറ്റ് (CERTIFICTE UNDER RULE 96 OF TRANSPORTATION OF ANIMALS RULES 2001,UNDER PREVENSION OF CRUVELTY TO ANIMALS ACT 1960) ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (11/27.08.2025) ക്ക് പശുക്കളെ കൊണ്ടുവന്നതിന്റെ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടുപോയെന്നും മാപ്പാക്കണമെന്നുമാണ് മറുപടി നൽകിയിരിക്കുന്നത്.

നാല് അംഗങ്ങളെ ഉൾപ്പെടുത്തിയാണ് ക്ഷീരസാഗര ഗ്രൂപ്പ് രൂപീകരിച്ചിരിക്കുന്നത്. ഈ ഗ്രൂപ്പിലെ സെക്രട്ടറിയായ സിന്ധു പുരുഷൻ, പള്ളിപ്പറമ്പ് വെളി, തൈക്കാട്ടുശ്ശേരിക്ക് മിനി

ഡയറിഫാം ആധുനിക വത്ക്കരണം എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി (പ്രോജക്ട് S0110/25) BRN 24060763012301669522/24.03.2025-7080/- രൂപയും മറ്റൊരംഗമായ സജീന സലീം, വൈശ്യംപറമ്പിന് BRN 240607630123014544480/7.03.2025-24205/- രൂപയും ആനുകൂല്യം നല്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പ്രസ്തുത അംഗങ്ങൾ വീട്ടിൽ സ്വന്തമായി നടത്തുന്ന ഫാമുകളിലേക്കാണ് ടി സബ്സിഡി നൽകിയിരിക്കുന്നത് എന്നുമാണ് മറുപടി നൽകിയിരിക്കുന്നത്. നാല് ഗ്രൂപ്പുകളും ലഭ്യമാക്കിയ ഇൻഷുറൻസ് സർട്ടിഫിക്കറ്റ് പരിശോധിച്ചതിൽ ഗ്രൂപ്പ് അംഗങ്ങളുടെ സ്വന്തം പേരിലാണ് പശുക്കളുടെ ഇൻഷുറൻസ് എടുത്തിട്ടുള്ളത്.

നാല് ഗ്രൂപ്പുകളും പശുവിനെ വാങ്ങിയതിന്റെ രേഖകൾമാത്രമാണ് ലഭ്യമാക്കിയത്. പശുവിനെ വളർത്തുന്നതിനുള്ള തൊഴുത്ത്, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെയൊന്നും ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഗ്രൂപ്പ് സംരംഭമാകുമ്പോൾ ഗ്രൂപ്പിന്റെപേരിൽ പശുക്കളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കാത്തതിനാൽ ഒന്നിലേറെ പശുക്കൾ വളർത്തുന്നവരെ ചേർത്ത് ഗ്രൂപ്പ് ഉണ്ടാക്കി പശുവിനെ വാങ്ങി നല്കുകമാത്രമാണ് ഈ പ്രോജക്ടിലൂടെ ചെയ്തിരിക്കുന്നത്. ഗ്രൂപ്പിന്റെ പേരിൽ പശുക്കളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

കുറഞ്ഞത് 5 പശുക്കളെങ്കിലുമുള്ളവർക്കാണ് മിനിഡയറിഫാം ആധുനികവത്ക്കരണത്തിനായി ആനുകൂല്യം നൽകുന്നത് ഇത്തരത്തിൽ സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് തന്നെ 50% സബ്സിഡിയും സമാനരീതിയിലുള്ള ഗ്രൂപ്പ് സംരംഭത്തിന് (75%) സബ്സിഡി ആനുകൂല്യവും നൽകുന്നതിലൂടെ പതിനാലാംപഞ്ചവത്സരപദ്ധതി മുന്നോട്ടുവയ്ക്കുന്ന പ്രാദേശിക സാമ്പത്തിക വികസനത്തിന് പകരം വ്യക്തിഗതസാമ്പത്തിക വികസനം മാത്രമാണ് സാധ്യമാകുന്നത്. സർക്കാരിന്റെ ആനുകൂല്യങ്ങൾ കുറച്ച് വ്യക്തികളിലേക്ക് മാത്രമൊതുങ്ങാതെ അർഹരായ മറ്റ് വ്യക്തികളിലേക്കും എത്തിച്ചേരുന്നതിന് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിൽ കൃത്യമായ മാനദണ്ഡങ്ങൾ പുലർത്തേണ്ടതാണ്.

## 1-14 പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ പദ്ധതി- വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നം, പേര് | പഞ്ചായത്തുകളുടെ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ (S0052/25) |
| അടങ്കൽ | 950000 (സിഎഫ് സി ഗ്രാന്റ്) |
| ചെലവ് | 887474/- |
| ചെലവ് വിവരം | (XVFC/24-25 *P*16/26.03.25) |

സെക്രട്ടറി നിർവ്വഹണം ചെയ്ത ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ അഞ്ച് പഞ്ചായത്തുകൾക്ക് പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ പദ്ധതിക്കായി വാട്ടർ അതോറിറ്റിയിൽ 887474/- രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടോ എന്ന് അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (6/27.8.25) പദ്ധതി ആരംഭിച്ചിട്ടുണ്ടെന്നും പൂർത്തികരിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഉൾപ്പെടെ മറുപടി

നൽകുന്നതാണെന്നും അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ 887474/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-15 പള്ളിപ്പുറം എഫ് എച്ച് സി ഉപകരണങ്ങൾ വാങ്ങൽ ആദായനികുതി ഈടാക്കിയില്ല**

| | |
|---|---|
| പ്രോജക്ട് നം, പേര് | പള്ളിപ്പുറം എഫ് എച്ച് സി പുതിയ ഒ.പി ബിൽഡിംഗിന് ഇലക്ട്രിക്ക് വയറിംഗും ഇലക്ട്രിക്ക് ഉപകരണങ്ങൾ വാങ്ങലും A.M.C (S0162/25) |
| അടങ്കൽ | 550000(മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) |
| ചെലവ് | 549110/- |
| ചെലവിനാധാരമായ ബിൽ വിവരം | 405582/- (240607630120011082 97/30.12.2024 |

മേൽ പ്രോജക്ട് പ്രകാരം കേരളാ ഇലക്ട്രിക്കൽ ആന്റ് അലീഡ് എൻജിനീയറിംഗ് കമ്പനിക്ക് 405582/- രൂപ പള്ളിപ്പുറം എഫ് എച്ച് സി പുതിയ ഒ.പി ബിൽഡിംഗിന് ഇലക്ട്രിക്ക് വയറിംഗും എന്ന പ്രവൃത്തി ചെയ്തതിന് നൽകിയിട്ടുണ്ട്. 1961 ലെ ആദായനികുതി നിയമം സെക്ഷൻ 194 (സി) പ്രകാരം ഒരു സാമ്പത്തിക വർഷം ആകെ ₹1,00,000/- ക്ക് മുകളിലോ ഒറ്റത്തവണ ₹30,000 ക്ക് മുകളിലോ പ്രതിഫലം നൽകുന്ന പ്രവൃത്തികളിൽ വ്യക്തികളിൽ നിന്നും 1% നിരക്കിലും മറ്റുള്ളവരിൽ നിന്നും 2% നിരക്കിലും സ്രോതസ്സിൽ ആദായനികുതി ഈടാക്കേണ്ടതാണ്. എന്നാൽ മെഡിക്കൽ ഓഫീസർ നിർവ്വഹണം ചെയ്ത ഇലക്ട്രിക്കൽ വയറിംഗ് പ്രവൃത്തിയുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നികുതി ഈടാക്കിയിട്ടില്ല. ഈ വിഷയം ഉന്നയിച്ച് നൽകിയ എൻക്വയറിക്ക് (16/1.9.25)മറുപടി ലഭ്യമാക്കിയില്ല. ആദായനികുതി 8112/- രൂപ ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്ക് വരുത്തി അറിയിക്കേണ്ടതാണ്.

**1-16 കംപ്യൂട്ടർ,അനുബന്ധ ഉപകരണങ്ങൾക്ക് എഎംസി - ആദായനികുതി ഈടാക്കിയില്ല**

| | |
|---|---|
| പ്രോജക്ട് നം, പേര് | കംപ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾക്ക് A.M.C (S0021/25) |
| അടങ്കൽ | 127600(തനത് ഫണ്ട്) |
| ചെലവ് | 82895/- |
| ചെലവ് വിവരം | ചെക്ക് നം.1145039/26.3.25 |

1961 ലെ ആദായനികുതി നിയമം സെക്ഷൻ 194 (സി) പ്രകാരം ഒരു സാമ്പത്തിക വർഷം ആകെ ₹1,00,000/- ക്ക് മുകളിലോ ഒറ്റത്തവണ ₹30,000 ക്ക് മുകളിലോ പ്രതിഫലം നൽകുന്ന പ്രവൃത്തികളിൽ വ്യക്തികളിൽ നിന്നും 1% നിരക്കിലും മറ്റുള്ളവരിൽ നിന്നും 2% നിരക്കിലും സ്രോതസ്സിൽ ആദായനികുതി ഈടാക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തിൽ സെക്രട്ടറി

നിർവ്വഹണോദ്യോഗസ്ഥനായി 2024-25 സാമ്പത്തിക വർഷം നടപ്പിലാക്കിയ **കംപ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾക്ക് A.M.C** പ്രകാരം കെൽട്രോണിന് ₹82895 നൽകിയിട്ടുണ്ട്. എന്നാൽ ഈ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നികുതി ഈടാക്കിയിട്ടില്ല. അപാകത ചൂണ്ടിക്കാട്ടി നൽകിയ എൻക്വയറിക്ക് (3/27.8.25)മറുപടി ലഭ്യമാക്കിയില്ല. 1660/- രൂപ ആദായനികുതി ഇനത്തിൽ കെൽട്രോണിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്ക് വരുത്തേണ്ടതാണ്.

## 1-17 ചെലവ് രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം, പേര് | പെരുമ്പളം എഫ് എച്ച് സി മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ A.M.C (S0049/25) |
| അടങ്കൽ | 500000(മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) |
| ആകെ ചെലവ് | 462489/- |

മെഡിക്കൽ ഓഫീസർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ നിർവ്വഹണം ചെയ്ത പെരുമ്പളം എഫ് എച്ച് സി മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്റ്റിന് ചുവടെ ചേർക്കുന്ന തുകയുടെ ചെലവ് രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമായത്.

| തുക | ബിൽ നം. |
|---|---|
| 22939/- | 24060763011800434410/20.7.24 |
| 81297/- | 24060763011801663193/24.3.25 |
| 51100/- | 24060736011801687177/25.3.25 |
| 124054/- | 24060763011800204627/9.5.24 |
| 45418/- | 24060763011801622682/21.3.25) |
| ആകെ -324808 | |

പ്രസ്തുത പ്രവൃത്തിയുടെ ആകെ ചെലവ് 462489 രൂപയാണ്, ചെലവ് രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (17/1.9.25) മറുപടി ലഭ്യമാക്കിയില്ല. അവശേഷിക്കുന്ന 137681/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 പാണാവള്ളി ആറാവേലി പാടശേഖരത്തിന് മോട്ടോർ പ്രവർത്തനക്ഷമമായില്ല

| | |
|---|---|
| പ്രോജക്ട് നം. | പാണാവള്ളി ആറാവേലി പാടശേഖരത്തിന് മോട്ടോർ (പ്രോജക്ട് നം S0073/25) |
| അടങ്കൽ | 568675 (വികസനഫണ്ട് ജനറൽ) |
| ചെലവ് വിവരം | ബി ആർ എൻ നം. 24060763011501655171/23.3.25 |

28.05.2022 ലെ (കൈ) 115/2022/ത.സ്വ.ഭ.വ. നം ഉത്തവ് ഖണ്ഡിക നം.6-1 (9-2) പട്ടിക ക്രമ നം.12 പ്രകാരം പാടശേഖര സമിതികൾക്ക് 100% സബ്സിഡിയോടെ നെൽകൃഷിയ്ക്കായി ജലസേചനത്തിന് പമ്പ്സെറ്റും, പെട്ടിയും പറയും നൽകുന്നതിന് സർക്കാർ അനുമതി

നൽകിയിട്ടുണ്ട്. സബ്സിഡി വ്യവസ്ഥകൾ പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പാക്കിയ പാണാവള്ളി ആറാവേലി പാടശേഖരത്തിന് മോട്ടോർ എന്ന പദ്ധതിക്ക് വികസനഫണ്ടിൽ നിന്നും 568675/- രൂപ ചെലവഴിച്ചിട്ടുണ്ട്. റെയ്ഡ്കോയിൽ നിന്നുള്ള ഇൻവോയ്സ് നം. ALP/1485/24-25/22.3.25 പ്രകാരമാണ് വെർട്ടിക്കൽ ഫ്ലോ പമ്പ് വാങ്ങി ആറാവേലി പാടശേഖരത്തിന് നൽകിയത്.

വിതരണം ചെയ്യുന്ന കാർഷിക ഉപകരണങ്ങളുടെ യൂണിറ്റ് കോസ്റ്റ് ജില്ലാ തലത്തിൽ ജില്ലാ കൃഷി ഓഫീസർ നിശ്ചയിക്കണം. വിതരണം ചെയ്ത പമ്പ് സെറ്റിന്റെ വില ജില്ലാ തലത്തിൽ നിശ്ചയിച്ചതിന്റെ വിശദാംശങ്ങൾ ഫയലിൽ ചേർത്തിയിട്ടില്ല. പാടശേഖരത്തിന് വാങ്ങി നൽകിയ പമ്പിന്റെ വില എപ്രകാരമാണ് നിശ്ചയിച്ചതെന്ന് വ്യക്തമല്ല. 1.9.25 ൽ ഓഡിറ്റ് ടീം നടത്തിയ എക്സിറ്റ് മീറ്റിംഗിൽ ആറാവേലി പാടശ്ശേഖരത്തിന് വാങ്ങി നൽകിയ പമ്പ് പ്രവർത്തനക്ഷമമായില്ല എന്നാണ് ബ്ലോക്ക് പഞ്ചായത്ത് അധികൃതർ അറിയിച്ചത്. വെർട്ടിക്കൽ ആക്സിയൽ പമ്പിനോടൊപ്പം അനുബന്ധ ഉപകരണങ്ങൾ ഘടിപ്പിക്കുന്നതിന് അറ്റകുറ്റപണികൾ നടത്തേണ്ടതാണ്. കൂടാതെ പറക്കുഴി പോലുള്ള മറ്റ് സൌകര്യങ്ങൾ കൂടി ഒരുക്കിയാലേ പമ്പ് പ്രവർത്തനക്ഷമമാക്കാൻ സാധിക്കുകയുള്ളു. ഭൌതിക സാഹചര്യങ്ങൾ ഒരുക്കുന്നതിലും, അറ്റകുറ്റപ്പണികൾ നടത്താനും ഉണ്ടായ കാലതാമസമാണ് പമ്പ് പ്രവർത്തിപ്പിക്കുന്നതിനുള്ള തടസ്സമായി നിലകൊള്ളുന്നതെന്ന് നിർവ്വഹണോദ്യോഗസ്ഥ ഫോൺ മുഖേന അറിയിച്ചത്. ആക്സിയൽ ഫ്ലോ പമ്പ് പ്രവർത്തനക്ഷമമാക്കി ഓഡിറ്റിൽ അറിയിക്കുന്നത് വരെ 568675/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

<u>സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല</u>

കേരളാ ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 147 പ്രകാരം സ്റ്റോറുകൾ കൈപ്പറ്റാൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ആയവ പരിശോധിച്ച് സ്റ്റോക്കിൽ എടുക്കേണ്ടതാണ്. മേൽ പദ്ധതി പ്രകാരം വാങ്ങിയ പമ്പ് സ്റ്റോക്കിൽ ചേർത്തിട്ടില്ല. ഈ വിഷയം ഉന്നയിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 13/29.8.25)

**<u>1-19 കാലി വീപ്പയുടെ വില സെക്രട്ടറിയുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.</u>**

2024-25 വർഷം സർക്കാർ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ റോഡ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവു ചെയ്ത ടാർ വീപ്പയുടെ വിലയും ജി എസ് റ്റി യും സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലാണ് ഒടുക്കിയിരിക്കുന്നത്.

| ക്രമ നമ്പർ | പ്രോജക്ട് നം./പ്രവൃത്തിയുടെ പേര്/അടങ്കൽ | ഈടാക്കിയ തുക | ചെലവ് വിവരം |
|---|---|---|---|
| 1 | S0155/25<br>പെരുമ്പളം ഗ്രാമപഞ്ചായത്ത് | 3653 | XVFC/2023-24/P/54<br>തീയതി. 30.03.2024<br>599338/- |

| | | | |
|---|---|---|---|
| | വാർഡ് 6 കോട്ടങ്ങാപ്പറമ്പ് കാളത്തോട് റോഡ് കാളത്തോട് റോഡ് പുനരുദ്ധാരണം<br>അടങ്കൽ<br>700000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>69600 (തനതുഫണ്ട്) | | XVFC/2024-25/P/1 തീയതി. 22.04.2024<br>70000/-<br>ചെക്ക് നം.<br>027526/27.07.2024<br>58480/- |
| 2 | S0176/25<br>ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് - വാർഡ് 1 പോളേക്കടവ് പുതിയപാലം റോഡ് പുനരുദ്ധാരണം<br>അടങ്കൽ<br>685077 (വികസനഫണ്ട് എസ് സി പി) | 4777 | ബിൽ നം. 1/16.05.2024<br>320105/-<br>ബിൽ നം. 2/16.05.2024<br>364972/- |

ഒഴിഞ്ഞ ടാർ വീപ്പയുടെ വിലയും ജി എസ് റ്റിയും ഉൾപ്പെടെ ബില്ലിൽ നിന്നും കുറവ് ചെയ്ത് സെക്രട്ടറിയുടെ അക്കൌണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുക ഏതു ഫണ്ടിൽ നിന്നാണോ ചെലവഴിച്ചത് അതേ ഫണ്ടിൽ തന്നെ ജി.ഒ.(പി)177/06 ധനം 12-04-06 ഉത്തരവിലെ ഖണ്ഡിക 10.3 പ്രകാരമുള്ള നിബന്ധനകൾ പാലിച്ചും ജി എസ് റ്റി ബന്ധപ്പെട്ട വകുപ്പിലും തിരിച്ചടക്കേണ്ടതാണ്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7/27.08.2025) തുക അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-20 പി എം എ വൈ - അഡ്വാൻസ് തുക കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം ആരംഭിച്ചില്ല

പി എം എ വൈ ലൈഫ് പദ്ധതി പ്രകാരം ഗുണഭോക്താവ് എഗ്രിമെന്റ് വെച്ച് ഒരു വർഷത്തിനുള്ളിൽ ഭവനനിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തിലെ പിഎംഎവൈ ഭവന നിർമ്മാണ രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ പരിശോധിച്ചതിൻ പ്രകാരം ഭവനനിർമ്മാണത്തിനുള്ള ആദ്യ ഗഡു കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം ആരംഭിക്കാത്തവരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പഞ്ചായത്ത് | തുക കൈപ്പറ്റിയ തിയതി | കൈപ്പറ്റിയ തുക |
|---|---|---|---|
| അംബിക | അരൂക്കുറ്റി | 17.10.24 | 48000 |

| | | | |
|---|---|---|---|
| സിന്ധു | അരൂക്കുറ്റി | 26.09.24 | 48000 |
| പ്രമീള | അരൂക്കുറ്റി | 17.10.24 | 48000 |
| സൂജി | അരൂക്കുറ്റി | 27.12.2024 | 48000 |
| പൊന്നപ്പൻ | അരൂക്കുറ്റി | 15.11.24 | 48000 |
| സജീഷ് | ചേന്നം പള്ളിപ്പുറം | 12.12.24 | 48000 |
| ഷൈലജ | ചേന്നം പള്ളിപ്പുറം | 12.12.2024 | 48000 |
| സഹദേവൻ | ചേന്നം പള്ളിപ്പുറം | 27.12.2024 | 48000 |
| സുലഭ റോയി | ചേന്നം പള്ളിപ്പുറം | 12.12.2024 | 48000 |
| ഷിബു | ചേന്നം പള്ളിപ്പുറം | 12.12.2024 | 48000 |
| രതിരാജ് | ചേന്നം പള്ളിപ്പുറം | 12.12.2024 | 48000 |
| ശാന്താ മാധവി | ചേന്നം പള്ളിപ്പുറം | 27.12.2024 | 48000 |
| മണി | പാണാവള്ളി | 27.12.2024 | 48000 |
| സുധിമോൾ | പാണാവള്ളി | 12.12.2024 | 48000 |
| വൽസല | പാണാവള്ളി | 12.12.2024 | 48000 |
| സുമ എസ് | പാണാവള്ളി | 12.12.2024 | 48000 |
| രാജേശ്വരി | പാണാവള്ളി | 12.12.2024 | 48000 |
| രജനി ആർ | പാണാവള്ളി | 12.12.2024 | 48000 |
| ബിജി മോൾ | പാണാവള്ളി | 12.12.2024 | 48000 |
| സിന്ധു | പാണാവള്ളി | 12.12.2024 | 48000 |
| ദിലീപ് | പാണാവള്ളി | 12.12.2024 | 48000 |
| ജഗദീഷ് കുമാർ | പാണാവള്ളി | 27.12.2024 | 48000 |
| മിനിമോൾ | പാണാവള്ളി | 12.12.2024 | 48000 |
| റംലത്ത് | പാണാവള്ളി | 27.12.2024 | 48000 |
| അസ്ല | പാണാവള്ളി | 27.12.2024 | 48000 |
| സിബി പി.കെ | പാണാവള്ളി | 12.12.2024 | 48000 |
| ഓമന ഉണ്ണികൃഷ്ണൻ | പെരുമ്പളം | 24.12.2024 | 48000 |

| | | | |
|---|---|---|---|
| മായ | പെരുമ്പളം | 27.12.2024 | 48000 |
| ഓമന | തൈക്കാട്ടുശ്ശേരി | 27.12.2024 | 48000 |
| ബിജു ജി | തൈക്കാട്ടുശ്ശേരി | 21.12.2024 | 48000 |
| വിരോണി | തൈക്കാട്ടുശ്ശേരി | 27.12.2024 | 48000 |
| ജോണി | തൈക്കാട്ടുശ്ശേരി | 27.12.2024 | 48000 |

ഭവനനിർമ്മാണം പൂർത്തീകരിക്കാൻ നിർദ്ദേശിച്ചുകൊണ്ട് ഗുണഭോക്താക്കൾക്ക് നോട്ടീസ് നൽകേണ്ടതാണ്. ഭവനനിർമ്മാണം പൂർത്തീകരിക്കാൻ തയ്യാറാകാത്തവരിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 കേരളോൽസവം - നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | കേരളോത്സവം (S0110/25) |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | 150000(തനത് ഫണ്ട്)<br>100000 (മറ്റുള്ളവ) |
| ചെലവ് | 250000/- |
| ചെലവ് വിവരം | 80000/-( ചെക്ക് നം.27728/17.12.24)<br>100000/-(ചെക്ക് നം.27734/27.12.24)<br>70000/- (ചെക്ക് നം.27746/21.1.25) |

1. സ.ഉ.( സാധാ) 2151/24/11.11.24 നം സർക്കാർ ഉത്തരവ് പ്രകാരം യുവജനക്ഷേമ വകുപ്പിൽ നിന്നും ലഭ്യമാകുന്ന ഗ്രാന്റിന് പുറമേ 150000 രൂപ തദ്ദേശസ്വയംഭരണവകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നോ, തനത് ഫണ്ടിൽ നിന്നോ കേരളോത്സവത്തിന് ചെലവഴിക്കാം. 2024-25 വർഷം ബ്ലോക്ക് പഞ്ചായത്തിൽ ആകെ 2.5 ലക്ഷം രൂപ കേരളോത്സവത്തിന്റെ സംഘാടനത്തിനായി ചെലവഴിച്ചിട്ടുണ്ട്. കേരളോത്സവം നടത്തിപ്പിനായി യുവജനക്ഷേമവകുപ്പിൽ നിന്നും ഗ്രാന്റ് ലഭ്യമായതിന്റെ വിശദാംശങ്ങൾ അന്വേഷിച്ച് നൽകിയ എൻക്വയറിക്ക് (9/27.8.25)ഗ്രാന്റ് ലഭ്യമായിട്ടില്ല എന്ന മറുപടിയാണ് ലഭിച്ചത്. കേരളോൽസവത്തിന്റെ ബ്ലോക്ക്പഞ്ചായത്ത്തല പ്രാഥമിക ചെലവുകൾ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നാണ് കണ്ടെത്തിയത്. സർക്കാർ ഉത്തരവ് പ്രകാരം യുവജനക്ഷേമ വകുപ്പിൽ നിന്നുള്ള ഗ്രാന്റ് കേരളോൽസവത്തിന്റെ ചെലവിലേക്കായി ഉപയോഗിക്കേണ്ടതാണ്. ആകയാൽ യുവജനക്ഷേമവകുപ്പിൽ നിന്നുള്ള ഗ്രാന്റ് ലഭ്യമാകുന്ന മുറയ്ക്ക് ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് റീ ക്ലപ്പ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. 250000 രൂപ മൂന്ന് ഘട്ടങ്ങളിലായി കേരളോത്സവം ചെലവിനായി ജനറൽ എക്സ്റ്റൻഷൻ ഓഫീസറുടെ ബാങ്ക് അക്കൌണ്ടിലേക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്. കേരളോത്സവത്തിന്റെ എല്ലാ ചെലവുകൾക്കും ക്യാഷ് ആയിട്ടാണ് തുക നൽകിയിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ടിംഗ്) ചട്ടം 2011, ചട്ടം 34 (4),(5) & ജി.ഒ(പി)177/2006/fin

Dtd. 12.04.2006, 8.1, 8.2, 8.3 പ്രകാരം 1000 രൂപയ്ക്ക് മേലുള്ള എല്ലാ ചെലവുകളും ബാങ്ക് അക്കൗണ്ടിലേക്കാണ് നൽകേണ്ടത്. ചട്ട വിരുദ്ധമായി ചെലവ് തുക ഗുണഭോക്താവിന് ക്യാഷ് ആയി നൽകിയതിന്റെ കാരണം അന്വേഷിച്ച് നൽകിയ എൻക്വയറിക്ക് പഞ്ചായത്ത് കമ്മറ്റി എല്ലാ ചെലവുകളും പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയതെന്ന് അറിയിച്ചു. പഞ്ചായത്ത് കമ്മറ്റി തീരുമാനം ഉണ്ടെങ്കിലും ധനവിനിയോഗം സംബന്ധിച്ച നിബന്ധനകൾ പാലിക്കാൻ ഉദ്യോഗസ്ഥർ ബാദ്ധ്യസ്ഥരാണ്. തുടർ വർഷങ്ങളിൽ മേൽ പ്രസ്താവിച്ച പോരായ്മകൾ പരിഹരിച്ച് കേരളോൽസവം പദ്ധതി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 ഹെൽത്ത് ഗ്രാന്റ് അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷൻ (FC-XV) പ്രാഥമിക ആരോഗ്യ സംരക്ഷണം ശക്തിപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ആരോഗ്യ മേഖല ഗ്രാന്റുകൾ നൽകണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. രോഗനിർണ്ണയ സൗകര്യങ്ങൾ സ്ഥാപിക്കുന്നതും ഗ്രാമീണ ആരോഗ്യ കേന്ദ്രങ്ങളെ ആരോഗ്യ, ക്ഷേമ കേന്ദ്രങ്ങളാക്കി മാറ്റുന്നതും ഉൾപ്പെടെയുള്ള ആരോഗ്യ സംരക്ഷണ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാണ് ഈ ഗ്രാന്റുകൾ ഉദ്ദേശിക്കുന്നത്. ബ്ലോക്ക് പഞ്ചായത്തിന് ഹെൽത്ത് ഗ്രാന്റിനത്തിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം

| വർഷം | ഗ്രാന്റിന്റെ പേര് | ലഭിച്ച തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 2021-22 | സ്കീം-II.ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്. | 0 | 0 | 0 |
| 2022-23 | | 0 | 0 | 0 |
| 2023-24 | | 2757000 | 219646 | 2537354 (24-25 വർഷം സ്പിൽ ഓവർ ആയി എടുത്തിട്ടുണ്ട്.) |
| 2024-25 | | 4217000 | 2250744 | 1966256 |

**2.തുക വകയിരുത്തിയതിന്റെ വിവരം**

| വർഷം | പ്രോജക്ടിന്റെ പേര് നമ്പർ | അടങ്കൽ | ചെലവ് |
|---|---|---|---|
| 2024 | 195/25 , അരുക്കുറ്റി സി എച്ച് സി പബ്ലിക്ക് ഹെൽത്ത് യൂണിറ്റിന് മുറി സജ്ജമാക്കൽ | 90000 | ഇല്ല |

3) ഹെൽത്ത് ഗ്രാന്റ് നടത്തിപ്പിനായി തദ്ദേശ സ്ഥാപനം ഏറ്റെടുത്ത് നടപ്പാക്കിയ പ്രവൃത്തികളുടെ വിവരം.

| വർഷം | പ്രോജക്ടിന്റെ പേര് നമ്പർ | അടങ്കൽ | ചെലവ് |
|---|---|---|---|
| 2023-24 | 138/24<br>ലാബ് റീ ഏജന്റ് വാങ്ങൽ | 952655 | 164666 |
| 2023-24 | 137/24<br>അരുക്കുറ്റി സി എച്ച് സി യിലേക്ക് കംപ്യൂട്ടർ വാങ്ങൽ | 69595 | 54980 |
| 2024-25 | 172/25<br>അരുക്കുറ്റി സി എച്ച് സി യിലേക്ക് ലാബ് റീ ഏജന്റ് വാങ്ങൽ | 776407 | 776407 |
| 2024-25 | 173/25<br>അരുക്കുറ്റി സി എച്ച് സി യിലേക്ക് ലബോറട്ടറി ഉപകരണങ്ങൾ വാങ്ങൽ | 1401587 | 1401587 |
| 2024-25 | 170/25<br>അരുക്കുറ്റി സി എച്ച് സി യിലേക്ക് ഫർണിച്ചർ വാങ്ങൽ | 72750 | 72750 |

ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമായ ഹെൽത്ത് ഗ്രാന്റ് നിലവിൽ ഫലപ്രദമായിമായി വിനിയോഗിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ആരോഗ്യ മേഖലയുടെ വികസനത്തിനായി കൂടുതൽ ഫണ്ട് ലഭ്യമാക്കുന്നതിനും ആവശ്യമായ പദ്ധതികൾ രൂപകല്പന ചെയ്ത് നടപ്പിലാക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ്പ്

**1) മെഡിസെപ്പ് പ്രീമിയം ഒടുക്ക് – റഗുലർ ജീവനക്കാർ**

| ഓഡിറ്റ് വർഷത്തെ ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയമിനത്തിൽ ഈടാക്കിയ തുക | മെഡിസെപ്പ് പ്രീമിയമിനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 27 | 160000 | 160000 | 0 | സ്പാർക്ക് മുഖേന |

2) **മെഡിസെപ്പ് പ്രീമിയം ഒടുക്ക് – (1.4.24 മുതൽ 30.6.24 വരെ സർവ്വീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാർ)**

ഇല്ല

**3) മെഡിസെപ്പ് പ്രീമിയം ഒടുക്ക് – (1.7.24 ൽ സർവ്വീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാർ)**

ഇല്ല

4) **മെഡിസെപ്പ് പ്രീമിയം ഒടുക്ക് – (1.8.24 മുതൽ 31.3.25 വരെ സർവ്വീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാർ)**

ഇല്ല

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 2024-25 | 420000 | പിഎംഎവൈ ജനറൽ | 420000 | |
| ഗ്രാമപഞ്ചായത്ത് | 2024-25 | 45000 | പിഎംഎവൈ ജനറൽ | 45000 | |
| ആകെ | | 465000 | | 465000 | |
| ജില്ലാ പഞ്ചായത്ത് | 2024-25 | 13200 | വിജ്ഞാൻ ആലപ്പുഴ ജോബ് സ്റ്റേഷനുകളുടെ പ്രവർത്തന ചെലവുകൾ | 13200 | |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2024-25 | 588000 | പിഎംഎവൈ ജനറൽ | 588000 | |
| ജില്ലാ പഞ്ചായത്ത് | 2024-2 | 126000 | പിഎംഎവൈ പട്ടികജാതി വിഭാഗം | 126000 | |
| ആകെ | | 727200 | | 727200 | |

**4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ**

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നം/ ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ പൈപ്പ് ലൈൻ എക്സ്റ്റെൻഷനുവേണ്ടി വാട്ടർ അതോറിറ്റിക്ക് ഫണ്ട് നൽകുക | XVFC/2024/25/P/16 | 887474 | 0 | 887474 |

**4-4 മൊബിലൈസേഷൻ അഡ്വാൻസ്**

ഇല്ല

**4-5 സ്ഥിര നിക്ഷേപങ്ങൾ**

ഇല്ല

**4-6 വായ്പ/വായ്പ തിരിച്ചടവ്**

ഇല്ല

**4-7 ഓഡിറ്റ് റിക്കവറി**

ഇല്ല

**4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിലെ വിവരം**

ഇല്ല

**4-9 ചാർജ്ജ്, സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം**

ഇല്ല

**4-10 ഓഡിറ്റ് പ്രത്യവലോകനം**

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 74129203 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 68486650 |
| വരവിനങ്ങളിലുള്ള നഷ്ടം | 0/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 9772/ /- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1697830 /- |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | ഇല്ല | | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേര്, ഉദ്യോഗപ്പേര് |
|---|---|---|
| 1-10 | 104000/- | ശ്രീമതി ജീമോൾ ജി., സെക്രട്ടറി |
| 1-14 | 887474/- | ശ്രീമതി ജീമോൾ ജി., സെക്രട്ടറി |
| 1-17 | 137681/- | ഡോ.സേതുമാധവൻ കെ ആർ, മെഡിക്കൽ ഓഫീസർ, പെരുമ്പളം എഫ് എച്ച് സി |
| 1-18 | 568675/- | ശ്രീമതി റെജി.ജി.വി, കൃഷിഅസിസ്റ്റന്റ് ഡയറക്ടർ |
| ആകെ | 1697830/- | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 8112/- | ഡോ. അജിത് പ്രശാന്ത് പി, മെഡിക്കൽ ഓഫീസർ, പള്ളിപ്പുറം |
| 1-16 | 1660/- | ശ്രീമതി ജീമോൾ ജി., സെക്രട്ടറി |
| ആകെ | 9772/- | |

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ജീമോൾ ജി., സെക്രട്ടറി | സെക്രട്ടറി, തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | റോസ് ഗാർഡൻ, മരുത്തോർവട്ടം പി.ഒ., ചേർത്തല |
| ശ്രീമതി റെജി ജി.വി, കൃഷി അസിസ്റ്റന്റ് ഡയറക്ടർ | കൃഷി ഡെപ്യൂട്ടി ഡയറക്ടർ, പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസ്, കോട്ടയം | മുളയ്ക്കൽ, പള്ളിപ്പുറം പി ഒ ചേർത്തല |
| ഡോ. അജിത് പ്രശാന്ത് പി. മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ പള്ളിപ്പുറം എഫ് എച്ച് സി | പ്രശാന്തി, തൃപ്പൂണിത്തറ കൊച്ചിൻ പാലസ് പി ഒ. എറണാകുളം |
| ഡോ.സേതുമാധവൻ കെ ആർ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, പെരുമ്പളം എഫ് എച്ച് സി | സരോവരം, സി.എം.സി-13, ചേർത്തല, ആലപ്പുഴ |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 മുതൽ 2009-10 വരെ | എൽ.എഫ്.ജി.എ5-832/11/31.1.12 |
| 2006-07 | എൽ.എഫ്.ജി.എ.5-1577/14/5.7.14 |
| 2007-08 | എൽ.എഫ്.ജി.എ.5-1577/16.5.14 |
| 2008-09 | എൽ.എഫ്.ജി.എ.5-1577/14/7.6.14 |
| 2009-10 | എൽ.എഫ്.ജി.എ.5-1577/14/16.5.14 |
| 2010-11 &11-12 | എൽ.എഫ്.എ.ബി.പി.1/766/13/21.1.14/11.4.14 |
| 2012-13 &13-14 | എൽ.എഫ്.എ.ബി.പി.320/2015/1/6/15 |
| 2014-15&2015-2016 | കെ.എസ്.എ 225/എ.എൽ.പി/ബി.പി. /17/10.3.2017 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/ബി.പി-1371/7 |

| | |
|---|---|
| | /08.11.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/ബി.പി-33/2019 /05.01.2019 |
| 2018-2019 | കെ.എസ്.എ-എ.എൽ.പി/ബി.പി-776/2019 /18.9.2019 |
| 2019-2020 | കെ.എസ്.എ-എ.എൽ.പി/ബി.പി-488/2022 /19.05.2022 |
| 2020-21 | കെ.എസ്.എ-എ.എൽ.പി/ബി.പി-489/2022 /19.05.2022 |
| 2021-22 | കെ.എസ്.എ-എ.എൽ.പി/ബി.പി-1637/2022 /13.03.2022 |
| 2022-23 | കെ.എസ്.എ-എ.എൽ.പി/ബി.പി-1307/2023 /07.11.2023 |
| 2023-24 | കെ.എസ്.എ-എ.എൽ.പി/ബി.പി-593/2024 /08/08/2024 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

# Annexure-1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 2(1) dated 24-06-2025 and submitted on 04-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Thycattussery Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Thycattussery Block Panchayat as on 31-03-2025

**Date: 01/11/2025** **Senior Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Thycattussery Block Panchayat for the Year 2024-2025.

### 1.Major Observations

Nil

## 2.Other Observations

1. The closing balance of CFC grant as per schedule B-4 of A.F.S not tally with B-17 &RP-40(b).
2. The details of stale cheque not explained
3. In the balance sheet, Schedule B18 shows the remaining liability of Rs. 1472474/- deposited by the Water Authority including previous years
4. The balance of various funds included in Schedule B-4 schedule remains unuseful
5. SBT Block plan and PNB life mission Scheme accounts in RP 40 (B) remains dead and no transaction in recored

Deputy Director

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021 /തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്